97

11/1/12
5

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ്- ആർ.കെ.വി.വൈ. കാസർഗോഡ്-ഫിഷിംഗ് ഹാർബർ നിർമ്മാണം പുലിമുട്ടുകളുടെ ഇടയിലുള്ള മണൽ വിൽപ്പനയ്ക്ക് അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്.

സ.ഉ.(സാധാ)നം. 04/12/മതുവ. തീയതി, തിരുവനന്തപുരം, 03.01.2012.

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് , ചീഫ് എഞ്ചിനീയറുടെ 28.11.2011 -തീയതിയിലെ ഡി8/11767/2011/സി.ഇ. നമ്പർ കത്ത്.

ഉത്തരവ്

കാസർഗോഡ് ഫിഷിംഗ് ഹാർബർ പദ്ധതിയുടെ ഭാഗമായി പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു എന്നും മത്സ്യബന്ധന വള്ളങ്ങളുടെയും ബോട്ടുകളുടെയും സുഗമമായ സഞ്ചാരത്തിന് പുലിമുട്ടുകൾക്കിടയിലുള്ള മണൽ നീക്കം ചെയ്യേണ്ടതുണ്ട് എന്നും എന്നാൽ മണ്ണ് നീക്കം ചെയ്യുന്നതിന് ക്യൂബിക് മീറ്ററിന് 100 രൂപയിലധികം ചെലവ് വരും എന്നും ടി. മണൽ സർക്കാർ നിരക്കിൽ വിൽപ്പന നടത്തിയാൽ ഡ്രഡ്ജിംഗിന് വേണ്ടി വരുന്ന ചെലവ് കുറയ്ക്കാൻ കഴിയുമെന്നും ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പരാമർശം 1 പ്രകാരം അറിയിച്ചിരുന്നു. ആയതിനാൽ പ്രവൃത്തിയുടെ ആവശ്യകത പരിഗണിച്ച് ക്യൂബിക് മീറ്ററിന് (600/-+വാറ്റ്) രൂപ നിരക്കിൽ മണ്ണ് വിൽക്കുന്നതിനായുള്ള അംഗീകാരം നൽകണമെന്ന് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടു. മണൽ മൊത്തമായി വിൽക്കുന്നത് ചിലപ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാക്കാമെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം ടണ്ണിന് 600രൂപ + വാറ്റ് എന്ന നിരക്കിൽ കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ പുലിമുട്ടുകൾക്കിടയിൽ നിന്നും നീക്കം ചെയ്ത മണൽ ആവശ്യമുള്ള പൊതുജനങ്ങൾക്ക് വിൽക്കാൻ ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വൻകിട കരാറുകാർക്ക് ഇപ്രകാരം ലഭിക്കുന്ന മണൽ നൽകേണ്ടതില്ല എന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം. സുനിൽ കുമാർ
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ ), കേരളം , തിരുവനന്തപുരം - 39.
ഡയറക്ടർ പൊതുജന സമ്പർക്ക വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Jay

സെക്ഷൻ ഓഫീസർ